"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ലൈഫ് മിഷൻ മൂന്നാംഘട്ട സോഫ്റ്റ് വെയർ -IIITMK - ലഭ്യമാക്കിയ പ്രൊപ്പോസലിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.87/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/05/2020

---

പരാമർശം:- 1 04.10.2019-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

2 28.10.2019, 20.03.2020 എന്നീ തീയതികളിലെ എസ്.എൽ.ഇ.സി യോഗത്തിന്റെ മിനിട്ട്സ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.11.2019, 6.5.2020 തീയതികളിലെ എൽ. എഫ്/ 7589/2019 നം. കത്ത്.

4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28-05-2020 ലെ എൽ. എഫ്2/ 511/2018 നം. കത്ത്

**ഉത്തരവ്**

ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള സോഫ്റ്റ് വെയർ നിലവിൽ ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) ആണ് തയ്യാറാക്കിയിരുന്നത് എന്നും എന്നാൽ ഐ.കെ.എം- ന് മറ്റ് പല പ്രോജക്ടുകളുടേയും തിരക്കുള്ളതിനാൽ നിലവിൽ ലൈഫ് മിഷന്റെ സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നില്ലായെന്നും ഇത് ലൈഫ് മിഷന്റെ ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് ഐ.കെ.എം, IIITMK, ലൈഫ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടേയും ഒരു യോഗം 2019 ഒക്ടോബർ 04- ന് നടത്തുകയും ടി യോഗത്തിൽ ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിന്റെ സോഫ്റ്റ് വെയർ IIITMK-യെ കൊണ്ട് തയ്യാറാക്കിക്കുവാൻ തീരുമാനിക്കുകയും ആയതിന് പരാമർശം (2)- ലെ 28.10.2019 ൽ കൂടിയ SLEC മീറ്റിംഗിലെ 14-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. IIITMK സെപ്റ്റംബർ 15- ന് ലൈഫ് മിഷന് 38,70,400 രൂപ എസ്റ്റിമേറ്റ് വരുന്ന പ്രൊപ്പോസൽ സർപ്പിച്ചിട്ടുണ്ടെന്നും മേൽ തുകയുടെ പ്രപ്പോസൽ പരിശോധിച്ചുവെന്നും ആയത് അംഗീകരിക്കാവുന്നതാണ് എന്നും, ടി

പ്രൊപ്പോസലിന് അനുമതി നൽകണമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.ഇത് സംബന്ധിച്ച ചെലവ് ചെലവ് (38,70,400/- രൂപ) 2017-18 വർഷത്തിൽ 2515-00-102-34-പ്ലാൻ എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നിക്കി വെച്ചിട്ടുള്ള 5 കോടി രൂപയിൽ അവശേഷിക്കുന്ന(സ്റ്റാച്യൂ ശാഖയിലെ യൂണിയൻ ബാങ്കിലെ അക്കൗണ്ട് നമ്പർ 336301010211134) നിന്നും വഹിക്കുന്നതാണെന്ന് എന്നാണ് അറിയിച്ചത്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .പരാമർശം (2) - ലെ 20.3.2020- ന് കൂടിയ എസ് . എൽ . ഇ . സി മീറ്റിംഗി ന്റെ തീരുമാനം 6- ന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ മൂന്നാംഘട്ട സോഫ്റ്റ് വെയർ ഡെവലപ് ചെയ്യുന്നതിനായി IIITMK-യിൽ നിന്ന് ലഭ്യമായ 38,70,400/- രൂപയുടെ (മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ് രൂപ മാത്രം) പ്രൊപ്പോസലിന് അനുമതി നൽകി കൊണ്ട് ഉത്തരവാകുന്നു .

ഇത് സംബന്ധിച്ച ചെലവ് 2017-18 വർഷത്തിൽ 2515-00-102-34-പ്ലാൻ എന്ന ശീർഷകത്തിൽ ഭരണപരമായ ചെലവുകൾക്കായി നിക്കി വെച്ചിരുന്ന 5 കോടി രൂപയിൽ അവശേഷിക്കുന്ന(സ്റ്റാച്യൂ ശാഖയിലെ യൂണിയൻ ബാങ്കിലെ അക്കൗണ്ട് നമ്പർ 336301010211134) നിന്നും വഹിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർഫൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Priya

സെക്ഷൻ ഓഫീസർ